**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50** **12-01-2021 - ൽ മറുപടിയ്ക്ക്**

**കിഴക്കഞ്ചേരി-I ഇ.എസ്.എ. പരിധിയിൽ നിന്നൊഴിവാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലത്തൂർ താലൂക്കിൽ ഉൾപ്പെട്ട കിഴക്കഞ്ചേരി-I റവന്യൂ വില്ലേജ് പ്രദേശങ്ങളിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ ഉൾപ്പെട്ട കിഴക്കഞ്ചേരി -1 വില്ലേജ് ഇ.എസ്. എ യെ സംബന്ധിച്ച അന്തിമ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ 03-10-2018 ലെ കരട് വിജ്ഞാപനത്തിൽ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ചുവടെ പറയുന്ന പ്രവൃത്തി കൾക്കും പദ്ധതികൾക്കും നിയന്ത്രണം ഉണ്ട്. (എ)ഖനനം - ഖനനപ്രവർത്തനങ്ങൾ പരിസ്ഥിതി ലോല വില്ലേജുകളിൽ പൂർണ്ണമായി നിരോധിച്ചിരിക്കുന്നു. (ബി) താപ വൈദ്യുത നിലയങ്ങൾ - പുതിയ താപ വൈദ്യുത പദ്ധതികളും നിലവിലുള്ള പ്ലാന്റുകളുടെ വിപുലീകരണവും അനുവദനീയമല്ല. (സി)വ്യവസായം - കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും സംസ്ഥാന മലിനീ കരണ നിയന്ത്രണ ബോർഡും വിജ്ഞാപനം ചെയ്തിട്ടുള്ള ചുവന്ന പട്ടികയിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ, അവയുടെ വിപുലീകരണം എന്നിവ നിരോധിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പ്രവർത്തനാനുമതിയുള്ള ആരോഗ്യപരിപാലന സ്ഥാപനങ്ങൾ, ചുവന്ന പട്ടികയിൽ ഉൾപ്പെട്ട വ്യവസായങ്ങൾ എന്നിവയ്ക്ക് ഈ മേഖല യിൽ നിലവിലെ നിയമങ്ങൾക്കും നിയന്ത്രണ ങ്ങൾക്കും വിധേയമായി തുടർന്നും പ്രവർത്തി ക്കാവുന്നതാണ്. (ഡി) 20,000 ച.മീറ്ററും അതിനു മുകളിലുള്ളതു മായ എല്ലാ പുതിയതും വിപുലീകരിക്കുന്നതു മായിട്ടുള്ള കെട്ടിട/നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. 50 ഹെക്ടറോ അതിനുമുകളിലുള്ളതോ ആയതും 1,50,000 ച.മീറ്ററും അതിനു മുകളി ലുള്ളതുമായ എല്ലാ പുതിയതും വിപുലീകരി ക്കുന്നതുമായ ടൗൺഷിപ്പ്, ഏരിയ ഡവലപ്മെന്റ് പ്രോജക്ട് എന്നിവ പൂർണ്ണമായി നിരോധി ച്ചിരിക്കുന്നു. എന്നാൽ നിലവിലെ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി നിലവിലുള്ള വാസഗൃഹങ്ങളുടെ അറ്റകുറ്റപ്പണി / |

| | | | |
|---|---|---|---|
| | | | നവീകരണം/ വിപുലീകരണം എന്നിവയ്ക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പുതിയ ജലവൈദ്യുത പദ്ധതികൾക്ക് 2006 ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയ ത്തിന്റെ 14-09-2016 ലെ എസ്.ഒ.1533(ഇ) നമ്പരായുള്ള എൺവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരം നിയന്ത്രണങ്ങളോടെ അനുമതി നൽകാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ കർശനമായ ഉത്തരവുകൾ പാലിച്ച് ഓറഞ്ച്/വൈറ്റ് കാറ്റ ഗറി വ്യവസായങ്ങൾക്കും പ്രവർത്തിക്കാവുന്ന താണ്. പ്രസ്തുത പ്രോജക്ടുകളുടെ അനുമതി 2006 ലെ (2/2007) Scheduled Tribes and other Traditional Forest Dwellers) (Recognition of Forest Rights) Act വ്യവസ്ഥകൾ പാലിച്ചും ഗ്രാമസഭയുടെ അംഗീകാരത്തോടെയുമാകണം. |
| (ബി) | ഇത് മൂലം ജനങ്ങൾക്കുണ്ടായ ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കൃഷിഭൂമിയും വാസസ്ഥലങ്ങളും തോട്ടം മേഖലയും ഇ.എസ്.എ. പരിധിയിൽ നിന്നൊഴിവാക്കി, റവന്യൂവനഭൂമിയെ മാത്രം പ്രത്യേകമായി തിരിച്ച് ഇ.എസ്.എ. ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ കേന്ദ്രങ്ങളേയും കൃഷി യിടങ്ങളേയും പരിസ്ഥിതി ലോല പ്രദേശ ത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണ മെന്നും, Protected areas, World Heritage sites, Reserved Forests എന്നിവയെ മാത്രമേ ESA യിൽ ഉൾപ്പെടുത്താവൂ എന്നും, 92 വില്ലേജുകളിലായി 8656.46 ച.കി.മീ സ്ഥലം മാത്രം ESA ആയി നിശ്ചയിക്കാവൂ എന്നുമാണ് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടു വിക്കേണ്ടത് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാല യമാണ്. |

സെക്ഷൻ ഓഫീസർ